# മാതേശ്വരിജിയുടെ പുണ്യസ്മൃതി ദിവസം രാവിലെ ക്ലാസിൽ കേൾപ്പിക്കുന്നതിനുള്ള മധുരമഹാവാക്യം.

**ഗീതം** നോക്കൂ എന്റെ ഈ ചെറിയ ലോകം . . . !

ഈ ഗീതം എപ്പോൾ പാടിയിട്ടുള്ളതാണ് ഈ സംഗമ സമയത്തു നമ്മൾ ബ്രാഹ്മണ കുലത്തിന്റെ ലോകം ചെറിയതാണ്. ഇത് നമ്മുടെ ഏത് കുടുംബമാണ്, അത് സംഖ്യാ ക്രമത്തിലാണ് പറയുന്നത്. നമ്മൾ പരമ പിതാ പരമാത്മ ശിവന്റെ പേരകുട്ടികളാണ്, ബ്രഹ്മ സരസ്വതിയുടെ മുഖത്തിലൂടെ ജനിച്ചവരാണ്.വിഷ്ണുവും ശങ്കരനും നമ്മുടെ വല്യച്ഛൻമാരാണ്, പരസ്പരം നമ്മൾ എല്ലാവരും സഹോദരി സഹോദരന്മാരാണ്.ഇതാണ് നമ്മുടെ ചെറിയ ലോകം. . . ഇതിനപ്പുറം വേറെ ബന്ധങ്ങൾ രചിച്ചില്ല, ഈ സമയത്ത് ഇത്രയും ബന്ധങ്ങളാണ് പറയുന്നത്. നമ്മുടെ ബന്ധങ്ങൾ എത്ര വലിയ അധികാരവുമായിട്ടാണ്! നമ്മുടെ മുത്തച്ഛനാണ് ശിവൻ, അദ്ദേഹത്തിന്റെ നാമം എത്ര മഹത്വമുള്ളതാണ്, മുഴുവൻ സൃഷ്ടിയുടെ ബീജരൂപമാണ്. സർവ്വ ആത്മാക്കളുടെയും കല്യാണകാരിയായിരിക്കുന്നതിനാൽ അദ്ദേഹത്തെ ഹര ഹര ഭോലാനാഥൻ മഹാദേവ ശിവൻ എന്നാണ് വിളിക്കുന്നത്. ബാബ മുഴുവൻ സൃഷ്ടിയുടെ ദുഖം ഹരിച്ച് സുഖം നൽകുന്നു. ബാബയിൽ നിന്ന് നമ്മുക്ക് സുഖം ശാന്തിപവിത്രതയുടെ വലിയ അധികാരമാണ് ലഭിക്കുന്നത്, ശാന്തിയിൽ കർമ്മ ബന്ധനത്തിന്റെ കണക്കുകൾ ഉണ്ടാകില്ല. എന്നാൽ ഇത് രണ്ടിനും ആധാരം പവിത്രതയാണ് . പിതാവിന്റെ പാലനയുടെ മുഴുവൻ സമ്പത്ത് നേടാതെ പിതാവിൽ നിന്ന് സർട്ടിഫിക്കറ്റ് ലഭിക്കില്ല, അതുവരെ സമ്പത്ത് ലഭിക്കില്ല. നോക്കൂ ബ്രഹ്മാവിന് എന്തെല്ലാം ജോലികളാണ് ഉള്ളത് മ്ലേച്ഛരായ അഞ്ച് വികാരങ്ങളുടെ അഴുക്ക് നിറഞ്ഞ ആത്മാക്കളെ സുന്ദരമാക്കുന്നു, ഈ അലൗകീക കാര്യത്തിന്റെ പ്രതിഫലമായി പിന്നീട് സത്യയുഗത്തിൽ ഒന്നാം നമ്പർ ശ്രീ കൃഷ്ണന്റെ പദവി പ്രാപ്തമാകുന്നു. ആ പിതാവുമായി നങ്ങളുടെ ബന്ധം എന്താണെന്ന് നോക്കൂ! അപ്പോൾ എത്രമാത്രം നിശ്ചിന്തവും സന്തോഷം ഉള്ളവരുമാകണം. ഇപ്പോൾ ഓരോരുത്തരും സ്വന്തം ഹൃദയത്തോട് ചോദിക്കണം നമ്മൾ പൂർണ്ണമായി ബാബയുടേതായി മാറിയോ?

പരമാത്മാവാകുന്ന അച്ഛൻ വന്നിരിക്കുകയാണ് അദ്ദേഹത്തിൽ നിന്നും പൂർണ്ണമായി സമ്പത്ത് നേടാൻ ആലോചിക്കണം. പൂർണ്ണമായി പരിശ്രമിച്ച് സ്കോളർഷിപ്പ് നേടുന്നതാണ് വിദ്യാർത്ഥിയുടെ ജോലി, എങ്കിൽ ഒന്നാം നമ്പർ ലോട്ടറി നേടാത്തത് എന്ത്കൊണ്ട്! അതാണ് വിജയമാലയിൽ കോർക്കപ്പെടുക. ചിലർ ഉണ്ട് രണ്ട് കൈകളിലും ലഡ്ഡു വയ്ക്കുന്നവർ,ഇവിടുത്തെ പരിധിയുള്ള സുഖവും വേണം അവിടെ വൈകുണ്ഠത്തിലും കുറച്ചൊക്കെ സുഖം നേടാം, അങ്ങനെ ചിന്തിക്കുന്നവരെ മധ്യമവും കനിഷ്ഠ പുരുഷാർത്ഥിയെന്നും വിളിക്കും, സർവ്വോത്തമ പുരുഷാർത്ഥി ആകില്ല. ബാബ തരുന്നതിൽ കുറവ് ഒന്നും വരുത്തുന്നില്ല അപ്പോൾ കൊടുക്കുന്നവർ എന്തിനു കുറയ്ക്കുന്നു? അതാണ് ഗുരുനാനാക്ക് പറഞ്ഞത് പരമാത്മാവ് ദാതാവാണ്, പരമാത്മാവ് ദാതാവാണ് ശക്തനാണ്, ആത്മാക്കൾക്ക് പക്ഷെ എടുക്കാനുള്ള ശക്തി ഇല്ല,പറയാറുണ്ട് തരുന്നവർ തന്നുകൊണ്ടിരിക്കും, എടുക്കുന്നവർ തളർന്നു പോകും. നിങ്ങൾക്ക് തോന്നുന്നുണ്ടാകും ഈ പദവി നേടാൻ ഞങ്ങൾക്ക് ആഗ്രഹമില്ലാതെ അല്ല,നോക്കിയാൽ ബ്രഹ്മ ബാബയും എത്ര പരിശ്രമിക്കുന്നു, മായ എന്നിട്ടും വിഘ്നങ്ങൾ ഉണ്ടാക്കുന്നു,കാരണമെന്ത്?ഇപ്പോൾ മായയുടെ രാജ്യം അവസാനിക്കാറായി.മായ മുഴുവൻ സാരം ഇല്ലാതാക്കി, അപ്പോഴാണ് പരമാത്മാവ് വരുന്നത്. ബാബയിൽ സർവ്വ രസങ്ങളും അടങ്ങിയിരിക്കുന്നു,സർവ്വ സംബന്ധങ്ങളുടെയും അനുഭവം കിട്ടുന്നത് ബാബയിൽ നിന്നാണ്, അതിനാലാണ് പറയുന്നത് നീ തന്നെയാണ് മാതാവും പിതാവും. . . ഈ മഹിമകളെല്ലാം പരമാത്മാവിനെ കുറിച്ച് പാടിയിട്ടുള്ളതാണ്, ഈ സമയത്താണ് ബലിയർപ്പണമാകേണ്ടത് അങ്ങനെയാണ് ബന്ധം ഉണ്ടായത്. പരമാത്മാവുമായി എല്ലാ സംബന്ധവും യോജിപ്പിച്ചാൽ 21 ജന്മത്തേയ്ക്ക് സുഖം പ്രാപ്തമാകും, ഇതാണ് പുരുഷാർത്ഥത്തിന്റെ സിദ്ധി. 21 ജന്മങ്ങൾ എന്ന് കേൾക്കുമ്പോൾ അലസമാകേണ്ട. 21 ജന്മങ്ങളിലേക്ക് വേണ്ടി ഈ സമയത്ത് ഇത്രയും പുരുഷാർത്ഥം ചെയ്ത്, 21 ജന്മങ്ങൾ കഴിയുമ്പോൾ വീണ്ടും താഴേക്ക് വരണം, പിന്നെ എന്ത് സിദ്ധി നേടി എന്ന് ചിന്തിക്കരുത്. ഡ്രാമയിൽ ആത്മാക്കൾക്ക് നിശ്ചയിച്ച സർവ്വോത്തമ സിദ്ധി പ്രാപ്തമാകും! ബാബ വന്നു സമ്പൂർണ്ണ സ്ഥിതിയിൽ എത്തിക്കും, നമ്മൾ കുട്ടികൾ പിന്നെ ബാബയെ മറക്കുന്നതിലൂടെ താഴേക്ക് വീഴുന്നു. ഇത് ബാബയുടെ കുറ്റമല്ല. കുറവ് നമ്മൾ കുട്ടികളുടേതാണ്, സത്യയുഗം ത്രേതായുഗത്തിലെ മുഴുവൻ സുഖവും ഈ ജന്മത്തിലെ പുരുഷാർത്ഥത്തിന്റെ ആധാരത്തിലാണ് ലഭിക്കുന്നത്.എന്ത്കൊണ്ട് സമ്പൂർണ്ണ പുരുഷാർത്ഥം ചെയ്ത് നമ്മുടെ ഏറ്റവും ഉയർന്ന പാർട്ട് അഭിനയിക്കുന്നില്ല! എന്ത്കൊണ്ട് പുരുഷാർത്ഥം ചെയ്ത് ആ സമ്പത്ത് നേടുന്നില്ല. മ

നുഷ്യൻ സദാ സുഖത്തിനാണ് പ്രയത്നിക്കുന്നത്, സുഖ ദുഖത്തിൽ നിന്ന് വേറിട്ടിരിക്കാൻ ആരും പുരുഷാർത്ഥം ചെയ്യുന്നില്ല.ഡ്രാമയുടെ അന്ത്യത്തിൽ പരമാത്മാവ് വന്ന് എല്ലാ ആത്മാക്കൾക്കും ശിക്ഷ കൊടുത്ത് പവിത്രമാക്കി പാർട്ടിൽ നിന്ന് മുക്തമാക്കും. ഇത് പരമാത്മാവിന്റെ കാര്യമാണല്ലോ, തന്റെ നിശ്ചിത സമയത്ത് വന്ന് സ്വയം പറഞ്ഞു തരുന്നു. ആത്മാക്കൾക്ക് വീണ്ടും പാർട്ടിൽ വരേണ്ടതുകൊണ്ട് ഏറ്റവും ഉത്തമ പാർട്ട് അഭിനയിക്കണം.

മനുഷ്യ സൃഷ്ടിയെ സുഖം നിറഞ്ഞതാക്കുന്ന ബാബയ്ക്കറിയാം മനുഷ്യ സൃഷ്ടി എങ്ങനെ സുഖദായി ആകുന്നത്? ആത്മാക്കൾ സ്വച്ഛമാകാതെ ലോകം സുഖദായി ആകില്ല, അതിനാൽ ബാബ വന്ന് ഏറ്റവും ആദ്യം ആത്മാക്കളെ സ്വച്ഛമാക്കുന്നു. ഇപ്പോൾ ആത്മാവിൽ അഴുക്ക് പറ്റിയിരിക്കുന്നു. ആദ്യം ആ അഴുക്ക് ഇല്ലാതാക്കണം. ആത്മാവിന്റെ ബലത്തിൽകൂടി ഓരോ വസ്തുവും തമോപ്രധാനത്തിൽ നിന്ന് സതോപ്രധനമാകും, അതിനെ പറയും എല്ലാവരും സ്വർണ്ണിമയുഗത്തിൽ വന്നു, ഈ എല്ലാ തത്വങ്ങളും സ്വർണ്ണിമ യുഗത്തിന്റെ സ്ഥിതിയിൽ വരുന്നു. ആദ്യം ആത്മാവിന്റെ സ്ഥിതിയാണ് മാറുന്നത്. ആത്മാക്കളെ പരിവർത്തനമാക്കുന്നത് ആത്മാക്കളെ പവിത്രമാക്കുന്ന അതോറിറ്റി ബാബയാണ്. നിങ്ങൾക്കറിയാം ഇപ്പോൾ ലോകം മാറുകയാണ്, ആദ്യം സ്വയം മാറണം, സ്വയം മാറുമ്പോൾ അതിന്റെ ആധാരത്തിൽ ലോകം മാറും.ഇപ്പോഴും നമ്മുക്ക് മാറ്റം വന്നില്ലെങ്കിൽ,സ്വയം പരിവർത്തനം ഇല്ലെങ്കിൽ ലോകം എങ്ങനെ മാറും അതിനാൽ ദിവസവും സ്വയത്തെ പരിശോധിക്കൂ.കണക്ക് എഴുതുന്നവർ രാത്രിയിൽ കണക്കുകൾ നോക്കും ഇന്ന് എത്ര സമ്പാദ്യം ഉണ്ട്? എല്ലാവരും തന്റെ കണക്ക് സൂക്ഷിക്കും.നമുക്ക് ദിവസം മുഴുവൻ എത്ര ലാഭവും നഷ്ടവും ഉണ്ടായി? ഈ കണക്ക് സൂക്ഷിക്കണം. നഷ്ടം അഥവാ കൂടുതൽ ആണെങ്കിൽ അടുത്ത ദിവസം അതിൽ ശ്രദ്ധിക്കണം. ഇതുപോലെ തന്നെ ശ്രദ്ധിക്കുന്നതിലൂടെ ലാഭം ഉണ്ടാക്കി തന്റെ സ്ഥാനം ഉറപ്പിച്ച് മുന്നോട്ട് പോകും . ഇതുപോലെ പരിശോധിച്ച് സ്വയം പരിവർത്തനത്തിന്റെ അനുഭവം ചെയ്യണം. ഞങ്ങൾ ദേവതയാകും, അത് പിന്നീട് ആകും, ഇപ്പോൾ എങ്ങനെയോ അത് മതി. . . എന്നാകരുത്. ആ ദേവത സംസ്ക്കാരം ഇപ്പോൾ മുതൽ ഉണ്ടാക്കണം. ഏത് അഞ്ച് വികാരങ്ങൾക്ക് വശപ്പെട്ടാണോ നമ്മൾ ഇതുവരെ നടന്നിരുന്നത്, ആ അഞ്ച് വികാരങ്ങൾ നമ്മളിൽ നിന്ന് ഇല്ലാതായോ എന്ന് ഇപ്പോൾ നോക്കണം ? നമ്മളിൽ ഉണ്ടായിരുന്ന ക്രോധം മാറിയോ? ഉണ്ടായിരുന്ന ലോഭവും മോഹവും ഈ വികാരി സംസ്ക്കാരം എല്ലാം നമ്മളിൽ നിന്ന് ഇല്ലാതായോ? അത് മാറുന്നുണ്ട് ഇല്ലാതാകുന്നു എങ്കിൽ നമ്മൾ മുക്തമാകുന്നു എന്ന് മനസിലാക്കണം. ഇല്ലാതാകുന്നില്ല എങ്കിൽ ഇപ്പോഴും നമ്മൾ മാറിയിട്ടില്ല എന്ന് മനസിലാക്കണം. മാറ്റത്തിന്റെ വ്യത്യാസം അനുഭവപ്പെടണം,സ്വയത്തിൽ മാറ്റം ഉണ്ടാകണം. മുഴുവൻ ദിവസവും വികാരി കണക്കിൽ മാത്രം പോകാതെ, നമ്മൾ നല്ല ദാന പുണ്യം ചെയ്തെന്ന് മനസിലാക്കണം. നമ്മുടെ കർമ്മത്തിന്റെ കണക്കിൽ നമ്മൾ സൂക്ഷിക്കണം. വികാരത്തിന് വശപ്പെട്ട് വികർമത്തിന്റെ നമ്മൾ കണക്ക് ഒന്നും ഉണ്ടാക്കുന്നില്ലലോ? ഇതിൽ സ്വയം സൂക്ഷിക്കണം. ഈ കണക്ക് മുഴുവൻ വയ്ക്കണം,ഉറങ്ങുന്നതിന് മുൻപ് 10 15 മിനിറ്റ് നമ്മുടെ മുഴുവൻ ദിവസം എങ്ങനെ ആയിരുന്നു എന്ന് നോക്കണം ? പലരും നോട്ട് ചെയ്യുന്നുണ്ട്, തലയിലുള്ള കഴിഞ്ഞുപോയ പാപഭാരം ഇല്ലാതാക്കാൻ ബാബയുടെ ആജ്ഞയാണ് എന്നെ ഓർമ്മിക്കൂ, അതും എത്ര സമയം ഓർമ്മിച്ചു? ചാർട്ട് വയ്ക്കുമ്പോൾ അടുത്ത ദിവസം ശ്രദ്ധിക്കും. ഇങ്ങനെ ശ്രദ്ധയോടെ ഇരുന്നാൽ പിന്നെ നമ്മുടെ കർമ്മങ്ങൾ നല്ലതാകും, പിന്നെ പാപം ഒന്നും ഉണ്ടാകില്ല. പാപങ്ങളിൽ നിന്നാണ് രക്ഷപെടേണ്ടത്. ശരി മധുരമായ അമ്മയുടെ മധുര മധുരമായ കുട്ടികൾക്ക് സ്നേഹ സ്മരണകളും ഗുഡ് മോർണിംഗും.

**സന്ദേശിയുടെ ശരീരത്തിലൂടെ സരസ്വതി മാതാവിന്റെ അവ്യക്ത പ്രഭു മിലനവും സംവാദവും**

മകളെ ശ്രീ രാധേ നോക്കൂ, ആരാണ് നിന്റെയടുത്ത് വന്നിരിക്കുന്നത്? എത്ര വലിയ ശക്തിയാണ് നിന്നോട് സംസാരിക്കുന്നത്. എന്റെ വരവിന്റെ രഹസ്യത്തിലൂടെ നിങ്ങൾക്ക് സ്വയത്തെയും അറിയാൻ കഴിയും. വരുന്നയാളുടെ പദവിയോടൊപ്പം സ്വന്തം സ്ഥാനം അഥവാ പദവിയും അറിയാൻ കഴിയും. ഹേ രാധേ മകളെ,നിനക്ക് എന്റെ ശക്തി കാണാൻ ആഗ്രഹം ഉണ്ടോ,എനിക്ക് വേണമെങ്കിൽ ഒരു സെക്കന്റിൽ വിനാശമാക്കാൻ കഴിയും. പക്ഷെ ചെയ്യുന്നില്ല, കാരണം വിശാലമായ സിനിമയിൽ ഏതൊക്കെ കർത്തവ്യം ആരെല്ലാമാണോ ചെയ്യേണ്ടത്, തീർച്ചയായും അവർ ചെയ്യും. അനാദി നിയമങ്ങൾ അറിയുന്ന അവ്യക്ത പ്രഭു വന്ന് അനാദി നിയമങ്ങളുടെ അറിവ് നൽകുന്നു. ഈ മുഴുവൻ സൃഷ്ടിയുടെ അനാദിയായ കളി സ്റ്റേജിൽ നടക്കുന്നു, പ്രായോഗികമായി ഈ കളി നടക്കാൻ സമയം വേണം, ഇത്രയും വർഷങ്ങളുടെ കളി ഒരു സെക്കന്റിൽ അവസാനിപ്പിച്ചാൽ ബാക്കി സമയം എന്ത് നടക്കും! ഏതെല്ലാം പ്രയാസങ്ങൾ എങ്ങനെയൊക്കെ കാണുകയും സഹിക്കുകയും ചെയ്യണമോ അതുപോലെ തന്നെ വിചിത്രമായ രഹസ്യം വീണ്ടും ആവർത്തിക്കപ്പെടുന്നു. ഹേ പ്രിയപ്പെട്ട എന്റെ രാധേ ഈ വിചിത്രമായ ആവർത്തനം കണ്ടു നീയും ഞാനും സന്തോഷിക്കുന്നു.

ഈ വിശാലമായ ഡ്രാമയിലെ എല്ലാ പാർട്ടും പരീക്ഷിക്കുന്നതിനായിട്ട് ആണ് ഉണ്ടാക്കിയിട്ടുള്ളത്. ഈ കളി നടത്തുന്ന ആൾക്ക് വേണമെങ്കിൽ സെക്കന്റിൽ ഈ ഡ്രാമ അവസാനിപ്പിച്ച് വീണ്ടും പുതിയതായി ആരംഭിക്കാം, എന്നാൽ ചെയ്യുകയില്ല, ഈശ്വരനും ഈ സാധാരണ രീതിയിലൂടെ കർത്തവ്യം ചെയ്യേണ്ടി വരുന്നു. സർവ്വശക്തിവനായ നിരാകാരനായ ഈശ്വരൻ സ്വയം ഈ സകാരത്തിൽ ഉണ്ട്,എന്നാൽ സാധാരണ വേഷത്തിലാണ്! ഇത് തന്നെയാണ് (ഭൂൽ ഭുലയ്യ ) ഉള്ളിൽ പ്രവേശിച്ചാൽ തിരിച്ചിറങ്ങാൻ കഴിയാത്ത വിധം സങ്കീർണമായ കളി. ഇത് മനസ്സിലാക്കിയവർ എല്ലാം അറിയുന്നവരാണ്.

മകളെ ശ്രീ രാധേ, ഈ സഹനത്തിന്റെ മാർഗ്ഗം പ്രീയപ്പെട്ട കുട്ടികൾ തീർച്ചയായും തരണം ചെയ്യണം. വേണമെങ്കിൽ എനിക്ക് എന്റെ കുട്ടികൾക്കായി ഇത് സഹജമാർഗ്ഗമാക്കാം, സാക്ഷാത്കാരം കൊടുക്കുന്നതിന്റെ താക്കോൽ എന്റെ കൈകളിലാണ്. ഏതെങ്കിലും ഒരു ധനവാനായ ഭക്തന് അവരുടെ ഇഷ്ട ദേവതയുടെ സാക്ഷത്കാരം കൊടുത്താൽ, അയാൾ തന്റെ സർവ്വ ധനവും യജ്ഞത്തിൽ കൊണ്ട് വന്ന് സമർപ്പിക്കും. ധനവാൻമാരുടെയും ധനവാൻ ഈശ്വരനാണ്. എന്നാൽ നിന്റെ അച്ഛന്റെ ആഗ്രഹമാണ് എന്റെ എല്ലാ യാചകരായ കുട്ടികളെയാണ് ഞാൻ രാജകുമാരനും രാജകുമാരിയുമാക്കുന്നത്, അതുകാരണം നിങ്ങൾ ഇതൊക്കെ സഹിച്ചതിനു ശേഷം പോയി രാജകുമാരന്മാരും കുമാരിമാരും ആകും. പിതാവിന് അറിയാം കുട്ടികൾ സഹനത്തിന്റെ ഈ മാർഗ്ഗം കടക്കണം, സഹിക്കുന്നത് ഈശ്വരീയമോ ദൈവീകമോ ആയ ഗുണമാണ്, ഇത് സന്തോഷം നിറഞ്ഞതാണ്. ഈ ഗുണത്തിലൂടെ ഈശ്വരീയ സുഖം അനുഭവമാകും. എത്ര രസകരമായിട്ടാണ് നിങ്ങൾ സഹിക്കുന്നത്, ഇത് ജ്ഞാനത്തിന്റെ രഹസ്യങ്ങളാണ്. അനാസക്തരായ അങ്ങനെയുള്ള യോഗികൾ സ്ഥിരമായ സുഖം പ്രാപ്തമാക്കുന്നു.

ഇപ്പോൾ പരീക്ഷകളുടെ സമയം സമീപത്തെത്തി കഴിഞ്ഞു, മുൻകൂട്ടി വരാൻ പോകുന്ന പരീക്ഷകൾ മുന്നിൽ വച്ച് ഓരോ കുട്ടിയും അതിന്റെ അഭ്യാസം ചെയ്ത് കൊണ്ടിരിക്കണം. കുട്ടികൾക്ക് ആർക്കെങ്കിലും ഭക്ഷണ പാനീയങ്ങൾ ഒന്നും കിട്ടിയില്ലെങ്കിലും സ്വയം നിശ്ചിന്ത ചക്രവർത്തി ആയിരിക്കണം. വളരെ സമയമെടുത്ത് തന്റെ അങ്ങനെയുള്ള സുന്ദരമായ അവസ്ഥ ധാരണ ചെയ്യണം, ആ സമയമാകുമ്പോൾ തനിയെ വന്നുകൊള്ളും എന്ന് ആരെങ്കിലും കരുതിയിരുന്നാൽ അത് സ്വയം തന്നോട് ചെയ്യുന്ന ചതിയാണ്, അത്കൊണ്ട് മുൻകൂട്ടി തയ്യാറായിരിക്കണം.

എന്റെ അതിപ്രിയപെട്ട കുട്ടികൾ ഓർമ്മയിലിരിക്കുന്നുണ്ട്, എന്നാൽ ആ ഓർമ്മയുടെ പ്രകാശവും ശക്തിയും എന്റെ വതനം വരെ എത്തുന്നില്ല.ഓരോരുത്തരും ലൈറ്റ് സ്വരൂപമായി സ്ഥിതി ചെയ്യുമ്പോൾ ആ യോഗത്തിന്റെ ശക്തി എന്റെ വതനത്തിലേക്ക് എത്തും,അപ്പോൾ ആ ഓരോരുത്തരുടെയും സമ്പൂർണതയുടെ ലൈറ്റ് അവരിലേക്ക് പ്രവേശിക്കും.ആ സമയത്തതാണ് ശക്തികളുടെ മഹിമ ഉണ്ടാകുന്നത്. ഓരോരുത്തരും തന്റെ നിശ്ചയത്തിൽ ദൃഢമായിരിക്കണം, അത് അഥവാ ഞാൻ ഇല്ലാതാക്കിയാലും പോകരുത്. ഹേ ശക്തി ശിരോമണിയായ രാധേ, ശക്തികൾ ജ്ഞാന യോഗ ബലത്തിലും മുഖത്തിലൂടെ ജ്ഞാനം പറയുന്നതിനും തയ്യാറായിരിക്കണം. നിങ്ങൾ തന്റെ ഏകരസ ഈശ്വരീയ ദൃഷ്ടിയിലൂടെ ഓരോരുത്തരെയും ശ്രേഷ്ഠരാക്കി മധുര വീണയിലൂടെ ഞാൻ ആരാണ് എന്റെ പിതാവ് ആരാണ് ! എന്ന പരിചയം നൽകണം. എങ്ങനെ ബ്രഹ്മാവിൽ ഭഗവാൻ പ്രത്യക്ഷമായത്, ഈ അന്തിമ സമയത്ത് ചെകുത്താന്റെ ലോകം സമാപ്തമാക്കി നമ്മുടെ സ്വന്തം ദേശമായ ദൈവീക ലോകത്തിലേക്ക് കൊണ്ട് പോകുകയാണ്.

ഹേ രാധേ മകളെ, ഓരോരുത്തരുടെയും അവസ്ഥ ദീപനാളം പോലെ സ്ഥിരത വരുമ്പോൾ ആന്തരിക പ്രേരണകളെ മനസ്സിലാക്കി സമ്പൂർണ രീതിയിൽ തന്റെ കാര്യങ്ങളെ സിദ്ധമാക്കാൻ കഴിയും. ജ്ഞാനം അനുസരിച്ചുള്ള സ്ഥിതി എത്രമാത്രം വരുന്നുവോ അത്രയും പ്രേരണകളെ മനസിലാക്കാൻ സാധിക്കും. എത്രമാത്രം ആ അവസ്ഥയിൽ നിരന്തരം ഇരിക്കുന്നുവോ അത്രയും സമ്പൂർണ്ണ പ്രേരണകൾ ടച്ച് ആകും.

ഹേ! മകളെ രാധേ, എന്റെ സ്വരൂപം നോക്കൂ, കുട്ടികൾക്ക് എന്റെ സ്വരൂപം കാണാൻ കഴിയില്ലേ, ഞാൻ എങ്ങനെ അഖണ്ഡ ജ്യോതി തത്വത്തിൽ നിന്ന് വന്ന് പ്രവേശിച്ച് സംസാരിക്കുന്നത്, ഈ സാക്ഷത്കാരങ്ങൾ കിട്ടുന്നത് എന്നിൽ കൂടെയാണ്, കാരണം എല്ലാത്തിന്റെയും അടിസ്ഥാന സമൂഹം ഞാനാണ്. പ്രകൃതിയുടെ മധ്യത്തിൽ തിളങ്ങുന്ന ജ്ഞാന പ്രകാശത്തെ നോക്കൂ. കുട്ടികൾ ഇത് മാത്രം ചിന്തിക്കൂ ആഹാ ! മുഴുവൻ സൃഷ്ടിയും ആരെയാണോ വിളിക്കുന്നത് ആ സർവ്വശക്തിവനായ ഈശ്വരൻ സ്വയം യജ്ഞത്തിൽ നമ്മുടെ മുന്നിൽ ആഗതനായിരിക്കുന്നു. ആ ശീതാളമായ മടിയിലിരിക്കുമ്പോൾ ഹൃദയം ശാന്തമാകുന്നു. രചന രചിക്കുന്നയാളെ കിട്ടിയപ്പോൾ എന്തിനാണ് അത് ഉപേക്ഷിച്ച് അദ്ദേഹത്തിന്റെ രചനയിലേക്ക് പോകുന്നത്! ഏറ്റവും ഉയർന്ന അധികാരി, സർവ്വ ശക്തികളുടെയും ഉടമസ്ഥൻ ആരിൽ നിന്നാണോ സർ

വ്വ ശക്തികളും പ്രകടമായത്, അത് തിരിച്ചറിഞ്ഞാൽ പിന്നെ ഈ മടിത്തട്ട് ഉപേക്ഷിക്കുന്നത് അസംഭവമാണ്. രചയിതാവിന്റെ പരിചയം ഉണ്ടാകുമ്പോൾ ഇതാരാണ് എന്ന് മനസിലാകും! മനസിലായോ, ശിരോമണി രാധേ. ശരി.

## വരദാനം:- സദാ അതീന്ദ്രിയ സുഖത്തിന്റെ ഊഞ്ഞാലിൽ ആടിക്കൊണ്ടിരിക്കുന്ന സംഗമയുഗത്തിലെ സർവ്വ അലൗകിക പ്രാപ്തികളാലും സമ്പന്നരായി ഭവിക്കട്ടെ.

ഏത് കുട്ടികളാണോ സദാ അലൗകീക പ്രാപ്തികളാൽ സമ്പന്നരായിരിക്കുന്നത് അവർ അതീന്ദ്രിയ സുഖത്തിന്റെ ഊഞ്ഞാലിൽ ആടിക്കൊണ്ടിരിക്കും. കുട്ടികളെ ലാളിക്കുമ്പോൾ അവരെ ഊഞ്ഞാലിൽ ആട്ടാറുണ്ട്. അതുപോലെ സർവ പ്രാപ്തികളാൽ സമ്പന്നരായ ബ്രാഹ്മണരുടെ ഊഞ്ഞാലാണ് അതീന്ദ്രിയ സുഖത്തിന്റെ ഊഞ്ഞാൽ. സദാ ഈ ഊഞ്ഞാലിൽ ആടിക്കൊണ്ടിരിക്കൂ. ഒരിക്കലും ദേഹാഭിമാനത്തിൽ വരരുത്.ഊഞ്ഞാലിൽ നിന്ന് ഇറങ്ങി ഭൂമിയിൽ കാല് വയ്ക്കുന്നവർ അഴുക്കാകുന്നു. ഏറ്റവും ഉയർന്ന ബാബയുടെ സ്വച്ഛമായ കുട്ടികൾ സദാ അതീന്ദ്രിയ സുഖത്തിന്റെ ഊഞ്ഞാലിൽ ആടിക്കൊണ്ടിരിക്കും, മണ്ണിൽ പാദം വയ്ക്കാൻ കഴിയില്ല.

## സ്ലോഗൻ:- 'ഞാൻ ത്യാഗിയാണ്' ഈ അഭിമാനത്തിന്റെയും ത്യാഗമാണ് സത്യമായ ത്യാഗം.

**അവ്യക്ത സൂചന - ആത്മീയ സ്ഥിതിയിലിരിക്കുന്നതിന്റെ അഭ്യാസം ചെയ്യൂ, അന്തർമുഖിയാകൂ.**
സ്വയം അകാല മൂർത്തിയായ ആത്മാവാണെന്ന് മനസ്സിലാക്കുമ്പോൾ അകാല മൃത്യുവിൽ നിന്ന്, ക്ഷാമത്തിൽ നിന്ന്, സർവ്വ പ്രശ്നങ്ങളിൽ നിന്ന് മുക്തമാകും. മാനസിക ചിന്തകളും,സാഹചര്യങ്ങളും മാറ്റുന്നതിനുള്ള ഏക മാർഗ്ഗമാണ് - ഈ പഴയ ശരീരത്തിന്റെ ബോധം ഇല്ലാതാക്കണം. ദേഹാഭിമാനം ഇല്ലാതാകുമ്പോൾ സർവ്വ പരിസ്ഥിതികളും ഇല്ലാതാകും.